3. നെല്ല് കടത്തുകൂലി (മിൽ/ഗോഡൗണിലേയ്ക്ക്)- 30 രൂപ.

4. മിൽ ഗോഡൗണിൽ ഇറക്കുകൂലി, സൂക്ഷിപ്പ്, നെല്ല് സംസ്കരണം, മറ്റ് ചെലവുകൾ - 19 രൂപ.

5. അരി, ചണച്ചാക്ക് കയറ്റുകൂലി -116 രൂപ.

ആകെ- 214 രൂപ

ടി തുകയിൽ നിന്നും 12 രൂപ ഒരു ക്വിന്റൽ നെല്ല് ലോറിയിൽ കയറ്റുന്നതിനുള്ള കയറ്റുകൂലിയായി കർഷകർക്ക് നൽകാൻ മില്ലുകാരോട് നിർദ്ദേശിച്ചിട്ടുള്ളതും ആയത് കൃത്യമായും കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇവിടെ ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ചിട്ടുള്ളത് മില്ലുകാർക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള ഉത്തരവാദിത്വങ്ങൾ അവർ നിർവ്വഹിക്കാതെ കൃഷിക്കാരെക്കൊണ്ട് ചെയ്യിക്കുന്നുവെന്നുള്ളതാണ്. അതുസംബന്ധിച്ച് പരിശോധന നടത്താനും തൃശ്ശൂരിലെ വിഷയം പ്രത്യേകമായെടുത്ത് അവിടെ യോഗം ചേരാനും നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട് പാലക്കാട് കഴിഞ്ഞ വർഷം വലിയ പരാതിയുണ്ടായി. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ചപ്പോൾ അത് നല്ല രീതിയിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആ അനുഭവംകൂടി വിലയിരുത്തി ഈ പ്രശ്നങ്ങളിൽ എങ്ങനെ പരിഹാരം കാണാമെന്നതുകൂടി ആലോചിക്കാവുന്നതാണ്. മില്ലുടമകൾ കർഷകരിൽ നിന്ന് കൃത്യസമയത്ത് നെല്ല് എടുക്കാത്തതുകൊണ്ടാണ് പ്രശ്നം വരുന്നത്. കർഷകർക്ക് പ്രതികൂലമായ അവസ്ഥയാണ് വന്നുചേരുന്നത്. സഹകരണസംഘങ്ങളെക്കൂടി ഇതിന്റെ ഭാഗമാക്കാൻ കഴിയുമോ എന്ന കാര്യം ഇതോടൊപ്പം ആലോചിക്കുന്നതാണ്.

## (10) ഭരണസമിതി തെരഞ്ഞെടുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ രണ്ട് വ്യവസായ സംരംഭങ്ങളാണുള്ളത്. ഒന്ന്, കിൻഫ്രയുടെ കീഴിലുള്ള 250 ഏക്കറോളം സ്ഥലത്തുള്ള ഒരു വ്യവസായ സ്ഥാപനം. അവിടെ പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ അങ്ങയുടെ ഭാഗത്തുനിന്ന് ശ്രദ്ധയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. രണ്ട്, അതിനടുത്ത് സംസ്ഥാന വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 1969-ലെ കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സ്പിന്നിംഗ് മില്ലാണ് കുറ്റിപ്പുറം കാർത്തലയിൽ സ്ഥിതി ചെയ്യുന്ന മാൽക്കോടെക്സ് (Malabar Co-operative Textiles Limited)

LIBRARY ARCHIVES Kerala Legislative Assembly

എന്ന സ്ഥാപനം. 1997-ൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങിയ ആ മിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരികയായിരുന്നു. സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ പലതും ലാഭത്തിലല്ലെങ്കിലും ഈ സ്ഥാപനം ആദ്യ കാലഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. 1997-ൽ തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്ന ഒരു ഭരണസമിതിയായിരുന്നു അവിടെ ഭരണം നടത്തിക്കൊണ്ടിരുന്നത്. രണ്ട് അംഗങ്ങളുടെ രാജിയെത്തുടർന്ന് ആ ഭരണസമിതി ഇല്ലാതായ ഒരു അവസ്ഥയാണ് ഇന്നുള്ളത്. 2016-ൽ രണ്ട് അംഗങ്ങളുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതാണ്. മാൽക്കോടെക്സിന്റെ എം.ഡി.യും ഹാന്റ്‍ലൂമിന്റെ ഡയറക്ടറും കൂടിയാണ് ഇന്ന് അതിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ട് വർഷമായിട്ടും പുതുതായി തെരഞ്ഞെടുപ്പ് നടക്കുകയോ പുതിയ ഭരണസമിതി വരികയോ ചെയ്തിട്ടില്ല. ഏകദേശം 650-ഓളം ഷെയർ ഹോൾഡേഴ്സ് അതിലുണ്ട്. 2016-നുശേഷം ജനറൽ ബോഡിയും നടന്നിട്ടില്ല. വാർഷിക ബജറ്റും വരവുചെലവ് കണക്കുകളുമൊക്കെ അവതരിപ്പിക്കുന്നുണ്ടെങ്കിലും സഹകരണ സ്ഥാപനത്തിന്റെ ആധികാരികമായ നിയമാവലി അനുസരിച്ച് ജനറൽ ബോഡിയുടെ അംഗീകാരമില്ലാതെ വരവുചെലവു കണക്കുകളും ബജറ്റുകളുമൊക്കെ അവതരിപ്പിക്കുന്നത് നിയമാനുസരണമാണോ എന്നെനിക്ക് സംശയമുണ്ട്. സഹകരണ നിയമങ്ങളനുസരിച്ച് ഇപ്പോഴുള്ള പരിമിതമായ അംഗങ്ങളെ വച്ചുകൊണ്ടെങ്കിലും സ്പിന്നിംഗ് മില്ലിൽ പുതിയൊരു ഭരണസമിതിയെ തെരഞ്ഞെടുത്ത് അത് പൂർണ്ണമായും ലാഭത്തിൽ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ നൂറുകണക്കിന് തൊഴിലാളികളും ആ പ്രദേശവും നല്ല നിലയിലാകും. അതിനുള്ള ഒരു ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 1997-ൽ പ്രവർത്തനം ആരംഭിച്ച മാൽക്കോടെക്സിന്റെ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനത്തിന്റെ 95 ശതമാനവും സർക്കാർ ഓഹരി മൂലധനമാണ്. 2013-14 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ പത്ത് കോടിയിൽപ്പരം രൂപ സർക്കാർ ധനസഹായം നൽകിയാണ് മിൽ പ്രവർത്തിപ്പിച്ചുവരുന്നത്. എന്നാൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേട് ഉയർന്നതിനാലും പൊതുതെരഞ്ഞെടുപ്പ് നടക്കുന്ന പശ്ചാത്തലത്തിലും ഭരണസമിതി തെരഞ്ഞെടുപ്പിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിലും കഴിഞ്ഞ സർക്കാർ 20-2-2016-ന് ഭരണസമിതി ഒഴിവാക്കി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കീഴിൽ കൊണ്ടുവരികയായിരുന്നു. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കീഴിൽ സ്ഥാപനത്തിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കെ മുമ്പ് നടന്ന സാമ്പത്തിക ക്രമക്കേടുകൾക്കും മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

നിയമപരമല്ലാത്ത നടപടികൾക്കുമെതിരെ നിരവധി പരാതികൾ ഓഹരി ഉടമകളിൽ നിന്നും തൊഴിലാളി സംഘടനകളിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ യഥാസമയം അന്വേഷണം നടത്തി. തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പ്രയാസങ്ങൾ നേരിട്ടതിനാൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 17-08-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകുകയാണ് ചെയ്തത്. കേരളത്തിലെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച നന്ദകുമാർ കമ്മിറ്റിയുടെ റിപ്പോർട്ട് ഇപ്പോഴുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാൽക്കോടെക്സിന്റെ പ്രവർത്തനം വിപുലീകരിക്കാനും മെച്ചപ്പെടുത്താനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്ഥാപനത്തിന്റെ കുറ്റമറ്റ പ്രവർത്തനത്തിന് വിശദമായ പരിശോധന നടത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## V. **മേശപ്പുറത്തുവച്ച കടലാസുകൾ**

### I. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 259/2018 | ജി.ഒ.(എംഎസ്.) നമ്പർ 74/2018/ഹോം. | 24-4-2018 | അല്ല |
| 2 | 283/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1245/2018/ഹോം. | 30-4-2018 | അല്ല |
| 3 | 312/2018 | ജി.ഒ.(എംഎസ്.) നം.105/2018/ജിഎഡി | 17-5-2018 | അല്ല |
| 4 | 322/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1346/2018/ഹോം | 10-5-2018 | അല്ല |
| 5 | 323/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1359/2018/ഹോം. | 11-5-2018 | അല്ല |

LIBRARY ARCHIVES Kerala Legislative Assembly